File No.LSGD-EU1/258/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭയിൽ തൊഴിൽ നികുതി പിരിക്കുന്നതിലെ ക്രമക്കേടുകൾ മിന്നൽ പരിശോധന - ആരോപണങ്ങളിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.766/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/04/2020

പരാമർശം:- 1 വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.02.2015 തീയതിയിലെ ഇ3 (എസ്.സി. 15/14/പി.റ്റി.എ.) 55676/2014 നമ്പർ കത്ത്.

2 തിരുവല്ല നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ.കെ.സുധീർ, ശ്രീ.പി.ജി.ഗോപി എന്നിവർക്ക് നൽകിയ 08.07.2015 തീയതിയിലെ ഇ.യു.1/258/2015/ത.സ്വ.ഭ.വ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

3 കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.കെ.സുധീർ സമർപ്പിച്ച 10.08.2015 തീയതിയിലേയും ശ്രീ.പി.ജി.ഗോപി സമർപ്പിച്ച 18.08.2015 തീയതിയിലേയും പ്രതിവാദ പത്രികകൾ.

4 നഗരകാര്യ ഡയറക്ടറുടെ 19.08.2017 തീയതിയിലെ വി1-17307/15 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവല്ല നഗരസഭയിൽ തൊഴിൽ നികുതി പിരിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 05.06.2014ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ തിരുവല്ല നഗരസഭയിൽ പ്രൊഫഷണൽ ടാക്സ് ഡിമാന്റ് രജിസ്റ്റർ കൃത്യമായി കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ട സെക്ഷനിലെ ജീവനക്കാർക്ക് നിർദേശം നൽകാതിരുന്നതിനും, തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ കരം പിരിക്കുന്നതിനും, തൊഴിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുള്ള സ്ഥാപന ഉടമ മേധാവിയുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കും റവന്യൂ വിഭാഗം ജീവനക്കാർക്കും യഥാസമയം നിർദ്ദേശങ്ങൾ നൽകാതിരുന്നതിനും മേൽനോട്ട ചുമതലയിൽ വീഴ്ച വരുത്തിയതിനും തിരുവല്ല നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ.കെ.സുധീർ, ശ്രീ.പി.ജി.ഗോപി എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം രണ്ട് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദപത്രികയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17.01.2018ൽ രണ്ട് പേരെയും നേരിൽ കേട്ടിരുന്നു.

2. നികുതിപിരിവുമായി ബന്ധപ്പെട്ട കാരങ്ങളുടെ ചുമതല കേരള മുനിസിപ്പാലിറ്റി ആക്ടിലെ

ചട്ടം 50 (2 ) പ്രകാരം നഗരസഭയുടെ റവന്യൂ ഓഫീസർക്ക് 26.8.2010 ലെ G1.10153/10(4) ഉത്തരവ് പ്രകാരം ശ്രീ.സുധീറും 28.9.2013 ലെ ഉത്തരവ് പ്രകാരം ശ്രീ.ഗോപിയും ഡെലിഗേറ്റ് ചെയ്തു നൽകിയിരുന്നുവെന്നും നികുതി പിരിച്ചെടുക്കുന്നതിനുള്ള ഉത്തരവാദിത്തം പൂർണമായും റവന്യൂ ഓഫീസറിൽ നിക്ഷിപ്തമാണെന്നും ബോധിപ്പിച്ചു.

3. ശ്രീ.പി.ജി.ഗോപിയുടെ കാലയളവിൽ അറ്റൻൻസ് രജിസ്റ്റർ കാണുന്നില്ലായെന്ന റിപ്പോർട്ട് കിട്ടിയ ഉടൻ തന്നെ ടിയാൻ അന്വേഷണത്തിനുത്തരവിട്ടിട്ടുള്ളതാണെന്നും വിജിലൻസ് റിപ്പോർട്ടിലെ ആരോപണ വിധേയമായ കാലയളവായ 2013-14 കാലഘട്ടത്തിൽ സെപ്റ്റംബറിൽ നികുതി കുടിശിക കണ്ടെത്തി പിരിക്കുന്ന അവസരത്തിൽ ശ്രീ.സുധീർ സ്ഥലം മാറിപ്പോയിട്ടുള്ളതാണെന്നും അതിനാൽ ടിയാൻ ഉത്തരവാദിയല്ലെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ആരോപണ വിധേയരായ രണ്ടുപേരെയും നേരിൽ കേട്ടതിന്റെയും രണ്ടുപേരുടെയും പ്രതിവാദ പത്രികയിലെ വിവരങ്ങളുടെയും ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെൻഷനിൽ നിന്നും കുറവ് വരുത്തുന്നതിന് തക്കവണ്ണമുള്ള ഗുരുതരമായ ക്രമക്കേടുകളൊന്നും ടിയാളുകളുടെ ഭാഗത്ത് നിന്നും വന്നിട്ടുള്ളതായി കാണുന്നില്ല.

5. ഈ സാഹചര്യത്തിൽ, തിരുവല്ല നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.കെ.സുധീർ, ശ്രീ. പി. ജി. ഗോപി എന്നിവരെ തൊഴിൽ നികുതി പിരിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ചിട്ടുള്ള റിപ്പോർട്ടിലെ ആരോപണങ്ങളിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്:-**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ , തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

ശ്രീ കെ. സുധീർ/ ശ്രീ. ജി. ഗോപി, നഗരസഭാ സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിജിലൻസ് വകുപ്പ് (05.09.2019 തീയതിയിലെ ഡി.4//288/2018/വിജ് നമ്പർ പ്രകാരം).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ